ശ്രീ. എൻ. കണപതി: സർ, അതിന് പ്രത്യേക കാരണങ്ങൾ എന്തെങ്കിലും ഉണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെ നടപടി എടുക്കാൻ അധികാരമില്ല. ഒരാൾ രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടുന്നുണ്ടെന്നുവച്ചു നടപടിയെടുക്കാൻ അധികാരമില്ല.

ശ്രീ. എൻ. കണപതി: കെ. ഗോവിന്ദ മേനോൻ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി കോപ്പറേറ്റീവ് മേൽ കടുത്ത നടപടിക്കായി എടുക്കേണ്ടതാണെന്ന് മന്ത്രിസഭ സർക്കാരിനു എഴുതിക്കൊടുക്കുമോ; ഡയറക്ടർ ബോർഡിനു എഴുതിക്കൊടുക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: കുറ്റം ഏഴുതണ്ട ആവശ്യത്തെപ്പറ്റി ആലോചിച്ചിട്ടില്ല. വേണമെങ്കിലെഴുതാം.

പുനലൂർ പേപ്പർമിൽ തൊഴിലാളികളുടെ ഭക്ഷണം

* 1661. [4] ശ്രീ. പി ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) പുനലൂർ പേപ്പർമിൽ തൊഴിലാളി യൂണിയൻ പ്രസ്തുത മാനേജ്മെൻറിനു നൽകിയിരുന്ന മെമ്മോറാണ്ടം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എന്തെല്ലാം ആവശ്യങ്ങളാണ് അവർ ഉന്നയിച്ചിരുന്നത്;

(സി) മാനേജ്മെൻറുമായി പല തവണ കൂടിയാലോചന നടത്തിയിട്ടുണ്ടോ;

(ഡി) അതിൻറെ ഫലമെന്തായിരുന്നു?

ഗതാഗതവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്): (എ) ഉണ്ട്.

(ബി) യൂണിയൻ ഉന്നയിച്ചിരുന്ന അവകാശങ്ങളുടെ ഒരു പട്ടിക മേശമേൽ വച്ചിട്ടുണ്ട്.†

(സി) ഏഴു പ്രാവശ്യം കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്.

(ഡി) യോജിപ്പിലെത്തുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. പി. ഗോപാലൻ: ഇവരുടെ അവകാശങ്ങൾ അംഗീകരിക്കുന്നതിനു നടപടികളെടുക്കുമോ?

ശ്രീ. ടി. വി. തോമസ്: ഇരുകൂട്ടരുടേയും എക്സ്പ്ലനേഷൻ മെമ്മോറാണ്ടം ഗവണ്മെൻറിനു കിട്ടീട്ടുണ്ട്. അതിൻറെ അടിസ്ഥാനത്തിൽ അടുത്തുതന്നെ ഒരു കോൺഫറൻസു വിളിച്ചുകൂട്ടും. ഒരു തീരുമാനത്തിലെത്തുമെന്നു വിചാരിക്കുന്നു.

കുപ്പി ലേലം.

* 1662. [5] ശ്രീ. പി ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) 1955-56, 1956-57, 1957-58 എന്നീ കൊല്ലങ്ങളിൽ കുപ്പി ലേലംവിളിച്ചു ഇനത്തിൽ ഓരോ കൊല്ലവും എത്ര തുകവീതം ലഭിച്ചു;

(ബി) 1958-59 എന്നീ സാമ്പത്തികവർഷത്തിൽ എത്ര തുക ലഭിച്ചു?

† Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും വനവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്):

(എ) 1955-56 17,34,805 രൂപ
1956-57 29,33,577.36 രൂപ
1957-58 31,71,533.02 രൂപ

(ബി) 1958-59-ൽ 48,11,313 രൂപ

ശ്രീ. പി. ആർ. ഫ്രാൻസിസ്: കഴിഞ്ഞ കൊല്ലം കൂടുതൽ ലൈസൻസ് ലേലം വിളിച്ചു കൊടുക്കാതിരിക്കാൻ പ്രത്യേക കാരണം വല്ലതുമുണ്ടോ?

ശ്രീ. കെ. സി. ജോർജ്ജ്: പ്രത്യേക കാരണങ്ങളൊന്നുമില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ്: കൂപ്പുലേലം ടെൻഡർ വിളിക്കാതെ കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. സി. ജോർജ്ജ്: ടെൻഡർ വിളിക്കാതെ കൊടുത്തിട്ടില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ്: ഇങ്ങനെ ടെൻഡർ വിളിക്കാതെ കൊടുക്കുന്നതുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് നല്ലയൊരു സംഖ്യ ലഭിച്ചു എന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. കെ. സി. ജോർജ്ജ്: അതു വളരെ തെറ്റായ പ്രചാരവേലയാണെന്ന് ഞാൻ വിചാരിക്കുന്നു.

ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസറന്മാർ.

* 1663. [6] † ശ്രീ. എം. ഗോപാലൻകുട്ടി നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി തരുമോ:

(എ) ഈ സ്റ്റേറ്റിൽ എത്ര ബ്ലോക്ക് ഡവലപ്പ്മെൻറ്ആഫീസറന്മാർ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്;

(ബി) ഇവരിൽ നേരിട്ട് തിരഞ്ഞെടുക്കപ്പെട്ടവർ എത്ര; സർവ്വീസിൽ നിന്നും പ്രമോട്ടുചെയ്തു വന്നിട്ടുള്ളവർ എത്ര;

(സി) ഈ സ്റ്റേറ്റിലെ വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ സർവ്വപ്രധാനമായ പങ്കു വഹിക്കുന്ന ബ്ലോക്ക് ഡവലപ്പ്മെൻറ്ആഫീസറന്മാരുടെ തിരഞ്ഞെടുപ്പിൽ ഗവണ്മെൻറ് കൈക്കൊണ്ടിട്ടുള്ള മാനദണ്ഡം എന്താണെന്നു വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്):

(എ) 77. ഇവരിൽ 13 പേർ ബ്ലോക്ക് ഡവലപ്പ്മെൻറ്ആഫീസറന്മാരുടെ ചാർജ്ജ് വഹിക്കുന്ന തഹശീൽദാരന്മാരാണ്.

(ബി) നേരിട്ടു തിരഞ്ഞെടുക്കപ്പെട്ടവർ ആരുമില്ല. എല്ലാവരും സർവ്വീസിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവരാണ്.

(സി) അടുത്ത കാലം വരെ ബ്ലോക്ക് ഡവലപ്പ്മെൻറ്ആഫീസറന്മാരെ സർവ്വീസിൽ ഉള്ളവരിൽനിന്നു യോഗ്യതയനുസരിച്ചു പി. എസ്. സി. തിരഞ്ഞെടുത്തു വരികയായിരുന്നു പതിവു്. പ്രസ്തുത നടപടി താൽക്കാലികമായി നിറുത്തിവച്ചിരിക്കുകയാണു്. ഭരണപരിഷ്ക്കാരക്കമ്മറ്റിയുടെ നിർദ്ദേശമനുസരണമായി ബ്ലോക്ക്ആഫീസറന്മാരെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ പുതുതായ ഒരു മാനദണ്ഡം സ്വീകരിക്കുന്നതിനെപ്പറ്റി ഗവണ്മെൻറ് ആലോ

† As the member was absent the question was put by Shri C. Kunhikrishnan Nair with the permission of the Chair.